**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1282** **10-10-2024 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ ഓടന്നൂർ, എഴുത്തോംപാറ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിൽ കിഫ്‌ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഓടന്നൂർ, എഴുത്തോംപാറ എന്നീ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോങ്ങാട് മണ്ഡലത്തിലെ എഴുത്തോമ്പാറ പാലത്തിന്റെ നിർമ്മാണത്തിനായി 13/03/2024 തീയതിയിൽ 14.36 കോടി രൂപയ്ക്ക് കിഫ്‌ബിയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ബഹു.കോങ്ങാട് MLA യുടെ നിർദ്ദേശപ്രകാരം എഴുത്തോമ്പാറ പാലത്തിന്റെ അപ്രോച്ച് റോഡ് അരപ്പാറ സ്കൂൾ വരെ പരിമിതപ്പെടുത്തിക്കൊണ്ട് പദ്ധതിക്ക് രൂപരേഖ തയ്യാറാക്കി അതിന്റെ ഫീസിബിലിറ്റി പരിശോധിച്ചു വരുന്നു. കോങ്ങാട് മണ്ഡലത്തിലെ ഓടന്നൂർ പാലത്തിന് 31/10/2016 തീയതിയിലെ G.O.(Rt)No.1496/2016/PWD ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 16/09/2019 തീയതിയിൽ 11.7 കോടി രൂപയ്ക്ക് കിഫ്‌ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചു. എന്നാൽ കിഫ്‌ബി അംഗീകരിച്ച സാമ്പത്തിക അനുമതിയിൽ ലാൻഡ് അക്വിസിഷനുള്ള തുക ഇല്ലാത്തതിനാൽ, ലാൻഡ് അക്വിസിഷനുള്ള തുക ഉൾപ്പെടുത്തി 13/03/2024 തീയതിയിൽ 16.89 കോടി രൂപയ്ക്ക് കിഫ്‌ബിയിൽ നിന്ന് പുതുക്കിയ സാമ്പത്തികാനുമതി നൽകുകയും ചെയ്തു. കിഫ്‌ബി നിർദ്ദേശമനുസരിച്ച് പുതുക്കിയ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുള്ളതും, അത് പ്രകാരം അലൈൻമെന്റ് കല്ലുകൾ മാറ്റി സ്ഥാപിച്ച് ലാൻഡ് അക്വിസിഷൻ ഡ്രോയിങ് പാലക്കാട് കിഫ്‌ബി LA-സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ തുടർന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ ഡിസൈനിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഡിസൈനിന് അംഗീകാരം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ തീയതി സഹിതമുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | എഴുത്തോമ്പാറ പാലത്തിന് 31/01/2020 തീയതിയിലും, ഓടന്നൂർ പാലത്തിന് 24/07/2020 തീയതിയിലും PWD ഡിസൈൻ വിങ് അംഗീകരിച്ച ജനറൽ അലൈൻമെന്റ് ഡ്രോയിങ് ലഭ്യമായിട്ടുണ്ട്. എഴുത്തോമ്പാറ പാലത്തിന്റെ കണക്ടിംഗ് റോഡ് പുതിയതായി ഉൾപ്പെട്ട ഉന്നതിനായി, പ്രസ്തുതഭാഗത്ത് ടോപോഗ്രാഫിക്കൽ സർവ്വേ നടത്തിയതിന് ശേഷം, ബഹു.കോങ്ങാട് MLA യുടെ നിർദ്ദേശപ്രകാരം പദ്ധതി അരപ്പാറ സ്കൂൾ പരിസരം വരെ നിജപ്പെടുത്തിക്കൊണ്ട് PWD ഡിസൈൻ വിങ് തയ്യാറാക്കിയ പ്ലാൻ, പ്രൊഫൈൽ ഡ്രോയിങ്ങുകൾ എന്നിവയുടെ ഫീസിബിലിറ്റി പാലക്കാട് കെ.ആർ.എഫ്.ബി. - പി.എം.യു. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ